ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ വിജിലൻസ് അന്വേഷണം

54 (4929) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ തസ്തികയിലിരുന്ന് വിരമിച്ച ആർക്കൊക്കെ എതിരെ വിജിലൻസ് അന്വഷണം നടക്കുന്നുണ്ട് ; ഈ അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ഈ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം വകുപ്പുതല അന്വേഷണം നടത്തുകയുണ്ടായി ; അന്വേഷണ പരിധിയിൽപ്പെടുത്തിയ കാര്യങ്ങളിൽ അനുമതിയില്ലാതെ നടത്തിയ വിദേശപര്യടനവും ഉൾപ്പെടുത്തുമോ ; ഈ അന്വേഷണങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഇതിന്റെ റിപ്പോർട്ട് ലഭിച്ചുവോ ;

(സി) സംസ്ഥാന ഡ്രഗ്സ് കൺട്രോളർ തസ്തികയിൽ ഇപ്പോൾ നിയമനം നടത്താത്തത് എന്തുകൊണ്ടാണ് ;

(ഡി) ഐ.എ.എസ്., ഐ.പി.എസ്. കേഡറിൽ ഉള്ള ആളെ പ്രസ്തുത തസ്തികയിൽ നിയമിക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ & ബി) ഡ്രഗ്സ് കൺട്രോളർ തസ്തികയിൽ നിന്നു വിരമിച്ച ശ്രീ. എം. പി. ജോർജിനെതിരേയും ഇപ്പോൾ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോൾ തസ്തികയിൽ തുടരുന്ന ശ്രീ. സി. എസ്. സതീഷ്കുമാറിനെതിരേയും വിജിലൻസ് അന്വേഷണ റിപ്പോർട്ട് കിട്ടുകയും അതിനെ തുടർന്ന് വകുപ്പുതല അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. വകുപ്പുതല അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) തസ്തികയിൽ ഇപ്പോൾ സീനിയർ മോസ്റ്റ് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറായ ശ്രീമതി എം. ഗീത ചാർജ് വഹിച്ചുവരുന്നു. സ്ഥിരനിയമനം നടത്തുന്ന കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

റീട്ടെയിൽ ഡ്രഗ് ലൈസൻസ്

55 (4930) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും റീട്ടെയിൽ ഡ്രഗ് ലൈസൻസ് ബാധകമാക്കിയ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കിയാൽ ഈ ആശുപത്രികൾ രോഗികളിൽ നിന്ന് അധികവില ഈടാക്കുന്നത് ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly